**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 427** **28.06.2013 ൽ മറുപടിയ്ക്ക്.**

## കർഷക സൗഹൃദ കേന്ദ്രങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പി.സി.ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ.ജയരാജ്. | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷിഭവനുകൾ ജനകീയവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് ; | (എ) കൃഷിഭവനുകൾ ജനകീയവൽക്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ കൃഷിഭവനുകളിലും കാർഷിക വികസന സമിതികൾ രൂപീകരിക്കുകയും പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യാറുമുണ്ട്. കൃഷിഭവനുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും, ഇന്റർനെറ്റും, ഇരു ചക്രവാഹനങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) ഇതിനോടകം എത്ര കൃഷിഭവനുകൾ ആധുനികവൽക്കരണ നടപടികൾക്കു വിധേയമായിട്ടുണ്ടെന്ന് അറിയിക്കുമോ ; | (ബി) 1076 കൃഷിഭവനുകളിലും കമ്പ്യൂട്ടറുകളും, ഇന്റർനെറ്റ് സംവിധാനവും ഏർപ്പെടുത്തി. 550 കൃഷി ഭവനുകളിൽ ഇരുചക്ര വാഹനങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) കൃഷിക്കാർക്ക് സഹായകമാകുന്ന ഉൽപാദനോപാധികൾ, മണ്ണു പരിശോധനാ വിവരങ്ങൾ അടക്കമുള്ള കാര്യങ്ങൾ, യഥാസമയം കർഷകർക്കു ലഭിക്കുന്ന വിധത്തിൽ കൃഷിഭവനുകൾ കർഷക സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) നിലവിൽ കർഷകർക്ക് ഉൽപാദനോപാധികളുടെ ചെലവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകുന്നത്. കൃഷിഭവനുകൾ വഴി മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ശുപാർശ സഹിതം കർഷകർക്ക് നൽകുന്നുണ്ട്. സഞ്ചരിക്കുന്ന മണ്ണു പരിശോധനാ ലബോറട്ടറികൾ മുഖേന ക്യാമ്പുകൾ സംഘടിപ്പിച്ച് പരിശോധിച്ച് ഫലം അന്നു തന്നെ നൽകി വരുന്നു. കൃഷി ഭവൻ വഴി കാർഷിക ഉൽപന്നങ്ങളുടെ സംഭരണവും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ